**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5185** **21-03-2025 - ൽ മറുപടിയ്ക്ക്**

**ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കൃഷിക്കാർക്കുവേണ്ടി നടപ്പാക്കുന്ന ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | കാർഷികോൽപ്പാദനം മെച്ചപ്പെടുത്തുന്നതിനോടൊപ്പം കർഷക സുരക്ഷയും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി 60 വയസ്സ് തികഞ്ഞ നെൽകർഷകർക്ക് അവരുടെ ജീവിത സായാഹ്നത്തിൽ ഒരു കൈത്താങ്ങ് എന്ന നിലയിൽ "കിസ്സാൻ അഭിമാൻ" എന്ന പേരിൽ ഒരു പെൻഷൻ പദ്ധതിക്ക് 2008-09 വർഷം സർക്കാർ അനുമതി നൽകി. തുടർന്ന് 2011 ൽ കർഷക പെൻഷൻ പദ്ധതി പുനരവലോകനം ചെയ്യുകയും ചെറുകിട നാമമാത്ര കർഷകർക്കു കൂടി അംഗത്വം അനുവദിച്ച് ഭരണാനുമതി നൽകുകയും ചെയ്തു. നിലവിൽ 1600 രൂപയാണ് ചെറുകിട നാമമാത്ര കർഷക പെൻഷനായി നൽകിവരുന്നത്.<br><br>പദ്ധതിക്ക് ആവശ്യമായ തുക പൂർണ്ണമായും സംസ്ഥാന സർക്കാരാണ് നല്കുന്നത്. ഇത് ധനകാര്യ വകുപ്പ്, കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ പെൻഷൻ ഫണ്ട് ലിമിറ്റഡ് (KSSSP) വഴി സേവന പോർട്ടൽ മുഖാന്തിരമാണ് ആനുകൂല്യ വിതരണം നടത്തുന്നത്. നിലവിലെ കണക്കുകൾ പ്രകാരം അർഹരായ മൊത്തം ഗുണഭോക്താക്കളുടെ എണ്ണം 2,60,963 ആണ്.<br><br>കൃഷിഭവനുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ കാർഷിക വികസന സമിതിയുടെ അംഗീകാരം ലഭിച്ച ശേഷം പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ജില്ലാ തലത്തിൽ ക്രോഡീകരിച്ച് ഡയറക്ടർക്ക് സമർപ്പിക്കുന്നു. ഡയറക്ടർ, അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് സർക്കാരിലേക്ക് അന്തിമ അനുമതിക്കായി സമർപ്പിക്കുന്നു. സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്ന തീയതി മുതൽ അവരെ സേവന പോർട്ടലിൽ എൻട്രി വരുത്തുകയും തുടർന്ന് സംസ്ഥാന തലത്തിൽ അവർക്ക് പെൻഷൻ നൽകുകയും ചെയ്യുന്നു.<br><br>**അർഹത മാനദണ്ഡങ്ങൾ**<br><br>1. 60 വയസ്സ് പൂർത്തിയാക്കിയ 10 സെന്റെങ്കിലും കൃഷി ചെയ്യുന്ന പരമാവധി 2 ഹെക്ടർ വരെ കൃഷിഭൂമിയുള്ളവരുമായ "കൃഷി മുഖ്യ ഉപജീവനമാർഗ്ഗമാക്കിയ കർഷകന്" ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ടായിരിക്കും.<br>2. കർഷകന്റെ വാർഷിക വരുമാനം ഒന്നരലക്ഷം രൂപയിൽ താഴെയായിരിക്കണം. കർഷക പെൻഷൻ ലഭിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | കർഷകന്റെ വാർഷിക വരുമാനം കണക്കാക്കുമ്പോൾ കർഷകന്റെ/കർഷകയുടെ വാർഷിക വരുമാനവും അവരുടെ ജീവിത പങ്കാളിയുടെ വാർഷിക വരുമാനവും ചേർത്തുള്ള വാർഷിക വരുമാനം ഒന്നര ലക്ഷം രൂപയിൽ താഴെയാണോ എന്ന് മാത്രമാണ് പരിഗണിക്കുന്നത്.• കഴിഞ്ഞ പത്ത് വർഷമായി കാർഷിക മേഖലയിൽ അതാത് പഞ്ചായത്തുകളിൽ കൃഷി ചെയ്ത് ജീവിച്ച് വരുന്നവർക്കാണ് പദ്ധതിയിൽ ചേരാൻ അർഹതയുളളത്.<br>3. വർഷങ്ങളായി വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവർക്ക് കുറഞ്ഞത് 10 വർഷമെങ്കിലും കാർഷിക മേഖലയിൽ ജോലി ചെയ്താൽ മറ്റ് നിബന്ധനകൾക്ക് വിധേയമായി കർഷക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്<br>4. ഒരു കുടുംബത്തിൽ ഭാര്യക്കോ / ഭർത്താവിനോ (ഒരാൾക്ക്) മാത്രമേ കർഷക പെൻഷന് അർഹതയുള്ളൂ. പെൻഷൻ ലഭിക്കുന്ന ആൾ മരണമടഞ്ഞാൽ മറ്റു വരുമാനങ്ങളില്ലാത്ത പക്ഷം ജീവിത പങ്കാളിയ്ക്ക് പെൻഷൻ ലഭിക്കുന്നതാണ്.<br>5. 6/02/2017-നു മുൻപ് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങിവരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/-രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. 06/02/2017 മുതൽ ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.<br>6. സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റു വിഭാഗങ്ങൾ എന്നിവർക്ക് കർഷകപെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല<br>7. പ്രതിമാസം 2000 രൂപ വരെ ഇ.പി. എഫ് പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ നിലവിലുള്ള പുതുക്കിയ നിരക്കിൽ ലഭിക്കാൻ അർഹത• ഉണ്ടായിരിക്കും . എന്നാൽ പ്രതിമാസം 2000/- രൂപയ്ക്ക് മുകളിൽ ഇ. പി. എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ പ്രതിമാസം 600/- രൂപനിരക്കിൽ ലഭിക്കുന്നതിനു മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.<br>8. വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം പെൻഷൻ നിറുത്തിവച്ച ഗുണഭോക്താക്കൾക്ക്, അത് ഹാജരാക്കുന്നത് മുതൽ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ അവർക്ക് മുൻകാല കുടിശ്ശികയ്ക്ക് അർഹത ഉണ്ടായിരിക്കില്ല. |
| (ബി) | ഇതുവരെ എത്ര കർഷകർ ഇതിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | 260963 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| **ക്രമ നമ്പർ** | **ജില്ല** | **രജിസ്റ്റർ ചെയ്ത കർഷകർ** |
|---|---|---|
| 1 | തിരുവനന്തപുരം | 8773 |

| | | |
|---|---|---|
| 2 | കൊല്ലം | 19514 |
| 3 | പത്തനംതിട്ട | 13867 |
| 4 | ആലപ്പുഴ | 17784 |
| 5 | കോട്ടയം | 20736 |
| 6 | ഇടുക്കി | 11528 |
| 7 | എറണാകുളം | 20194 |
| 8 | തൃശ്ശൂർ | 22658 |
| 9 | പാലക്കാട് | 21867 |
| 10 | മലപ്പുറം | 20800 |
| 11 | വയനാട് | 11287 |
| 12 | കോഴിക്കോട് | 33101 |
| 13 | കണ്ണൂർ | 27314 |
| 14 | കാസർകോട് | 11540 |

(സി) എത്ര കർഷകർക്ക് പെൻഷൻ നൽകിയിട്ടുണ്ട്; എത്ര രൂപ നിരക്കിലാണ് പെൻഷൻ നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

(സി) 2024 നവംബർ മാസത്തെ കർഷക പെൻഷനാണ് അവസാനമായി നൽകിയിട്ടുള്ളത്. മസ്റ്ററിങ് പൂർത്തിയാക്കിയ 193600 ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകി. നിലവിൽ 1600/-രൂപ നിരക്കിലാണ് പെൻഷൻ നൽകിവരുന്നത് . കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പ്രതിമാസം 1600/-രൂപ നിരക്കിൽ കർഷക പെൻഷൻ നൽകി വരുന്നു. ഇതിനായി ഇൻഫർമേഷൻ കേരള മിഷൻ (IKM) സജ്ജമാക്കിയിട്ടുള്ള സേവന പോർട്ടലാണ് ഉപയോഗിക്കുന്നത്. 2019 ആഗസ്റ്റ് മാസം മുതൽ ധനകാര്യ വകുപ്പിന്റെ നിർദ്ദേശാനുസരണം ഓൺലൈനായി സേവന പോർട്ടൽ മുഖേനയാണ് ആനുകൂല്യം വിതരണം നടത്തുന്നത്. പെൻഷൻ പൂർണമായും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടാണ് (DBT) നൽകുന്നത്. പോർട്ടലിലെ നിലവിലെ കണക്ക് പ്രകാരം അർഹരായ മൊത്തം ഗുണഭോക്താക്കൾക്ക് അതായത് മസ്റ്ററിങ് പൂർത്തിയാക്കിയ 193600 പേർക്ക് 1600/- രൂപ നിരക്കിൽ 30,97,60,000/- (മുപ്പതു കോടി തൊണ്ണൂറ്റി ഏഴ ലക്ഷത്തി അറുപതിനായിരം രൂപ) വിതരണം ചെയ്തിട്ടുണ്ട് .

| Sl.no | District Name | Count | Amount |
|---|---|---|---|
| 1 | തിരുവനന്തപുരം | 6813 | 10900800 |
| 2 | കൊല്ലം | 14414 | 23062400 |
| 3 | പത്തനംതിട്ട | 10302 | 16483200 |
| 4 | ആലപ്പുഴ | 12492 | 19987200 |
| 5 | കോട്ടയം | 15723 | 25156800 |
| 6 | ഇടുക്കി | 7936 | 12697600 |
| 7 | എറണാകുളം | 14518 | 23228800 |
| 8 | തൃശ്ശൂർ | 17427 | 27883200 |

| | | | |
|---|---|---|---|
| 9 | പാലക്കാട് | 14897 | 23835200 |
| 10 | മലപ്പുറം | 17078 | 27324800 |
| 11 | വയനാട് | 7822 | 12515200 |
| 12 | കോഴിക്കോട് | 25109 | 40174400 |
| 13 | കണ്ണൂർ | 20497 | 32795200 |
| 14 | കാസർകോട് | 8572 | 13715200 |
| | **ആകെ** | **193600** | **309760000** |

സെക്ഷൻ ഓഫീസർ